(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) മുൻ നിശ്ചയപ്രകാരം കമ്മീഷനിംഗ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഇത് എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സബ്സ്റ്റേഷന്റെ ചില യാർഡ് സ്ട്രക്ചറിന്റെയും, അടിത്തറയുടേയും പണിയിൽ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്.

(ബി) ഉണ്ട്. അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളതിന് പ്രകാരം ഫൗണ്ടേഷനുകളും ബലപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) സബ്സ്റ്റേഷന്റെ നിർമ്മാണം നവംബർ 2005-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കല്ലൂർക്കാട് കെ.എസ്.ഇ.ബി. 33 കെ. വി. സബ്സ്റ്റേഷൻ

50 [2039] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കല്ലൂർക്കാട് കെ.എസ്.ഇ.ബി. 33 കെ.വി. സബ്സ്റ്റേഷന്റെ പണി എന്നാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ എത്രത്തോളമായി;

(സി) സബ്സ്റ്റേഷന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ, ബി) കല്ലൂർക്കാട് 33 കെ. വി. സബ്സ്റ്റേഷനുവേണ്ടി 64 സെന്റ് സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം വാങ്ങുന്നതിന് ബോർഡ് ഉത്തരവായിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സബ് സ്റ്റേഷന്റെ പണി ആരംഭിക്കാവുന്നതാണ്.

(സി) 2006 ജൂണിൽ സബ്സ്റ്റേഷന്റെ പണി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

33 കെ.വി. സബ്സ്റ്റേഷനുകളുടെ സ്ഥലമെടുപ്പ്

51 [2040] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പറവൂർ, കണ്ണനല്ലൂർ, ആദിച്ചനല്ലൂർ എന്നിവിടങ്ങളിലെ 33 കെ.വി. സബ്സ്റ്റേഷനുകളുടെ സ്ഥലമെടുപ്പ് സംബന്ധിച്ച് ഇതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പാരിപ്പള്ളിയിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly